# Annual Evaluation March 2025 Class 9 - ജീവശാസ്ത്രം

| Qn | ഉത്തര സൂചിക by Rasheed Odakkal | |
|---|---|---|
| 1<br>3<br>5<br>6 | B). റെപ്റ്റീലിയ. **2**. c). i,iii - ഓസ്മോസിസ്, ii,iv – ആക്ടീവ് ട്രാൻസ്പോർട്ട്.<br>b). ആമാശയം, പാൻക്രിയാസ്, കരൾ, ചെറുകുടൽ. **4**. c). പ്രസ്താവനയും കാരണവും ശരി.<br>b). ബ്ലാസ്റ്റോസിസ്റ്റ് ഗർഭാശയഭിത്തിയിൽ പറ്റിപ്പിടിച്ച് വളരുന്നത് മുതൽ.<br>d). ഗ്ലൂക്കോസ് – പൈറുവിക് ആസിഡ് – $CO_2$ + ജലം. | **5x1** |
| 7 | a). ലൈംഗിക രോഗാണുബാധകൾ(STI). b). ലൈംഗികാവയവ ശുചിത്വം, ലക്ഷണങ്ങളുണ്ടായാൽ ഉടൻ വൈദ്യപരിശോധന നടത്തൽ, വാക്സിനേഷൻ.(any 2) | |
| 8 | പ്രകാശസംശ്ലേഷണത്തിലൂടെ ഉണ്ടാകുന്ന ഗ്ലൂക്കോസ് അന്നജമായി സംഭരിക്കുകയും പിന്നീട് സസ്യ ഭാഗങ്ങളിൽവെച്ച് മെറ്റബോളിസത്തിന് വിധേയമായി പ്രോട്ടീൻ, സുക്രോസ്, ഫ്രക്ടോസ് ആയി മാറുന്നു. | |
| 9 | a). തരുണാസ്ഥി മൂലം. b). ഇളം വെയിലേൽക്കുന്നതിലൂടെ അസ്ഥികൾക്കുള്ള കാൽസ്യം ആഗിരണം ചെയ്യാനുള്ള വിറ്റാമിൻ D ശരീരത്തിന് ലഭ്യമാവും. | |
| 10 | a). കോർഡേറ്റ. b). നോട്ടോകോർഡോ നട്ടെല്ലോ ഉള്ളവ. | |
| 11 | ബ്രയോഫൈറ്റ – സംവഹനകലകൾ ഇല്ല. ആൽഗേ – താലസ് എന്ന് വിശേഷിപ്പിക്കുന്ന ശരീരം.<br>ടെറിഡോഫൈറ്റ – ലളിതഘടനയുള്ള സംവഹനകലകൾ.<br>ജിംനോസ്പേംസ് - വിത്തുകളെ പൊതിഞ്ഞ് ഫലങ്ങൾ ഇല്ല. | **6x2** |
| 12 | a). X= നാസ്റ്റിക ചലനം, Y=ട്രോപ്പിക ചലനം / പ്രകാശ ട്രോപ്പിക ചലനം.<br>b). X ൽ (നാസ്റ്റിക ചലനം) ചലന ദിശ ഉദ്ദീപന ദിശയ്ക്ക് അനുസൃതമല്ല, Y ൽ (ട്രോപ്പിസം) ചലന ദിശ ഉദ്ദീപന ദിശയ്ക്ക് അനുസൃതമാണ്. | |
| 13 | നേതൃത്വം, തീരുമാനമെടുക്കൽ, സ്ഥാനങ്ങൾ എന്നിവയിൽ തുല്യാവസരങ്ങൾ, സ്വാതന്ത്ര്യത്തോടെയും സുരക്ഷിതത്വത്തോടെയും എവിടേയും എപ്പോഴും സഞ്ചരിക്കാനുള്ള അവസരം, വിദ്യാഭ്യാസത്തിന് തുല്യാവകാശം, തുല്യജോലിക്ക് തുല്യവേതനം, ജോലികളിൽ പങ്കിട്ട ഉത്തരവാദിത്തങ്ങൾ. (any 4) | |
| 14 | a). വന്ധ്യത. b). പുംബീജോൽപാദനത്തിലെ തകരാറ്, പുംബീജങ്ങളുടെ എണ്ണത്തിലും ചലനശേഷിയിലുമുള്ള കുറവ്, ചില രോഗങ്ങൾ, പുകവലി, മയക്കുമരുന്നുപയോഗം, വിഷവസ്തുക്കൾ.... (any 2)<br>c). മരുന്നുകളോ ഇൻവിട്രോ ഫെർട്ടിലൈസേഷൻ (IVF) പോലെയുള്ള ART സാങ്കേതിക വിദ്യകളോ. | |
| 15 | a) X= സൂക്ഷ്മഅരിക്കൽ, Z= സ്രവണം.<br>b). അഫറന്റ്‌വെസലിന്റെയും ഇഫറന്റ്‌വെസലിന്റെയും വ്യാസത്തിലുള്ള വ്യത്യാസത്താൽ ഉയർന്ന മർദ്ദം.<br>c). ഇല്ല, Y എന്ന പ്രക്രിയയിലൂടെയാണ് അവശ്യവസ്തുക്കളുടെ രക്തത്തിലേക്കുള്ള പുനരാഗിരണം. | |
| 16 | a). സസ്യസ്വേദനം.<br>b). റൂട്ട്പ്രഷർ/ ഓസ്മോസിസ്, കൊഹിഷൻ ബലം, അഡ്ഹിഷൻ ബലം (any 2) | |
| 17 | a). ഗർഭാശയാന്തര ഉപകരണങ്ങൾ(IUD).<br>b). <u>ട്യൂബക്ടമിയും</u> (അണ്ഡവാഹി മുറിച്ചോ കെട്ടിയോ അണ്ഡത്തെ തടയൽ) <u>വാസക്ടമിയും</u> (ബീജവാഹി മുറിച്ചോ കെട്ടിയോ പുംബീജങ്ങളെ തടയൽ) | **5x3** |
| 18 | ശരീരത്തിലാകമാനം സൂക്ഷ്മ സുഷിരങ്ങൾ – പോറിഫെറ – സ്പോഞ്ചുകൾ.<br>മുള്ളുകളുള്ള ശരീരത്തോട്ടുകൂടിയ സമുദ്ര ജീവികൾ – എക്കിനോഡെർമേറ്റ – നക്ഷത്രമത്സ്യം.<br>ചെറുഭാഗങ്ങൾ കൂടിച്ചേർന്ന കാലുകൾ – ആർത്രോപോഡ – പാറ്റ. | |
| 19 | a). കൊളോസ്ട്രം കുഞ്ഞിന് ആജീവനാന്ത രോഗപ്രതിരോധശേഷി നൽകുന്നു. b). മുലപ്പാലിലുള്ള ആന്റിബോഡികൾ അണുബാധ, വയറിളക്കം, അലർജി, ശ്വാസകോശരോഗം എന്നിവയെ തടയുന്നു.<br>c). മുലപ്പാലിലുള്ള പോഷകഘടകങ്ങൾ വളർച്ചയ്ക്കും ബുദ്ധിവികാസത്തിനും ആവശ്യമാണ്. | |
| 20 | a). സ്രാവ്. b). നട്ടെല്ലിന്റെ സാന്നിധ്യം. c). പ്ലാസന്റ മനുഷ്യനിൽ ഉണ്ട്, കംഗാരുവിൽ ഇല്ല. | |
| 21 | <br>a. സൈനോവിയൽ ദ്രവം<br>b. തരുണാസ്ഥി.<br>c. ലിഗമെന്റ് (സ്നായു) | **2x4** |
| 22 | a). (i). ബാക്ടീരിയ. (ii). ആർക്കിയ. (iii). ബാക്ടീരിയ . (iv). യൂകാരിയ.<br>b). കോശഭിത്തിയിൽ പെപ്റ്റിഡോഗ്ലൈക്കനുണ്ട്, എല്ലായിടത്തും കാണുന്നു, പ്രോകാരിയോട്ട്. (any 2)<br>c). കോശദ്രവ്യം, ന്യൂക്ലിയസ്, മറ്റുകോശാംഗങ്ങൾ എന്നിവയില്ലാത്തതിനാലും ആതിഥേയകോശത്തിൽവെച്ച് മാത്രം ജീവലക്ഷണം കാണിക്കുന്നതിനാൽ വൈറസുകളെ ഉൾപ്പെടുത്തിയിട്ടില്ല. | |
| 23 | a) (ii). അംനിയോൺ. (iii). പ്ലാസെന്റ.<br>b) (iii). ഭ്രൂണകലകളും ഗർഭാശയകലകളും ചേർന്നാണ് പ്ലാസന്റ രൂപപ്പെടുന്നത്.<br>c) (i).അമ്നിയോട്ടിക് ദ്രവം നിർജലീകരണം തടയാനും ബാഹ്യക്ഷതങ്ങളിൽനിന്ന് സംരക്ഷിക്കാനും.<br>d). പൊക്കിൾക്കൊടി. ഇത് ഗർഭസ്ഥശിശുവിന് പോഷകങ്ങളും ഓക്സിജനും ലഭിക്കാൻ. | **(40)** |